# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4105 | 20.03.2018 - ൽ മറുപടിയ്ക്ക്

### വിത്ത് വിതരണവുമായി ബന്ധപ്പെട്ട അഴിമതി

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ കൃഷിഭവനുകൾ വഴി ഗുണമേന്മയുള്ള വിത്തും തൈകളും ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്തെ കൃഷി ഭവൻ മുഖേന മേൽത്തരം നടീൽ വസ്തുക്കൾ നൽകുന്നതിനു വേണ്ടി സർക്കാർ കൃഷി ഫാമുകളിൽ നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുകയും കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തു വരുന്നു. സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ 8 തെങ്ങിൻ തൈ നഴ്സറികൾ 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾ, 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ എന്നിങ്ങനെ 64 ഫാമുകൾ മുഖേന ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നു.<br>തെങ്ങിൻതൈ നഴ്സറികൾ മുഖേന ഗുണമേന്മയുള്ള വിവിധയിനം തെങ്ങിൻ തൈകളും, പച്ചക്കറി വിത്തുകളും. പച്ചക്കറിതൈകളും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. സ്പെഷ്യൽ ഫാമുകൾ വഴിയും, ജില്ലാ ഫാമുകൾ വഴിയും ഗുണമേന്മയുള്ള ഫലവർഗ്ഗ വൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകളും ലെയറുകളും തൈകളും മേൽത്തരം വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറിതൈകൾ, അലങ്കാര തൈകൾ എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കൂടാതെ കഴക്കൂട്ടം ബി.എം.എഫ്.സി., ജില്ലാകൃഷിത്തോട്ടം, തളിപ്പറമ്പ്, ജില്ലാകൃഷിത്തോട്ടം, അഞ്ചൽ എന്നിവിടങ്ങളിൽ മേൽത്തരം ടിഷ്യുകൾച്ചർ വാഴത്തൈകൾ ഉല്പാദിപ്പിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നു. 33 സംസ്ഥാന വിത്തുല്പാദന ഫാമുകൾ വഴി ഗുണമേന്മയുള്ള നെൽവിത്തുകൾ പച്ചക്കറി വിത്തുകൾ, തൈകൾ എന്നിവ വിതരണം ചെയ്തു വരുന്നു. കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളയുടെ നടുക്കരയിലുള്ള പ്ലഗ് നഴ്സറിയിൽ വർഷം 2 കോടി ഗുണനിലവാരമുള്ള പച്ചക്കറി തൈ ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന പൂർണ്ണമായി യന്ത്രവൽകൃതമായ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് നെൽ കർഷകർക്ക് ആവശ്യമായ സർട്ടിഫൈഡ് വിത്തുകൾ രജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സ് പദ്ധതിയിലൂടെ (RSGP) ഉത്പ്പാദിപ്പിക്കുന്നുണ്ട്. സർട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കിയ ഗുണമേന്മയുള്ള വിത്തുകൾ രജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സ് പദ്ധതിയിലെ കർഷകരിൽ നിന്നും കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി ശേഖരിച്ച് കൃഷി ഭവനുകളിലൂടെ യഥാസമയം കർഷകർക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങളിലൂടെ ഗുണമേന്മയുള്ള നെൽവിത്തുകൾ കർഷകർക്ക് കൃഷി ഭവന്റെ സഹായത്താൽ ലഭ്യമാക്കി വരുന്നുണ്ട്. |
| ബി) മുൻകാലങ്ങളിൽ വിത്ത് വിതരണം ചെയ്യലുമായി ബന്ധപ്പെട്ട് നടത്തിയ അഴിമതികൾ ഇപ്പോൾ അന്വേഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | ബി) കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിലെ നെല്ല് / പച്ചക്കറി വിത്തു സംഭരണം, രജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം എന്നിവയിലെ നിർവ്വഹണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ സ്പെഷ്യൽ വിജിലൻസ് സെൽ പ്രാഥമിക അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി രണ്ട് ജീവനക്കാരെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും, റിപ്പോർട്ടിൽ പരാമർശിച്ച കുറ്റാരോപിതരായ ജീവനക്കാർക്ക് കുറ്റപത്രം നൽകുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സീഡ് അതോറിറ്റിയിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് പോലീസ് വിജിലൻസിനെകൊണ്ട് അന്വേഷിപ്പിക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ